12877
04/7/18

കേരള സർക്കാർ

പാ.കാ.വ-ബി1/110/2018/പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 27/06/2018

## സർക്കുലർ

വിഷയം : പാർലമെന്ററികാര്യ വകുപ്പ്- പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകൾ ഭരണ ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശം - സംബന്ധിച്ച്

സൂചന : 30.05.2018 ലെ നിയമസഭാ സെക്രട്ടറിയുടെ 14446/പി.എ.സിഎ 4/2018/നി.സെ നമ്പർ കത്ത്.

സി & എ.ജിയുടെ സംസ്ഥാന സമ്പദ് വ്യവസ്ഥ (State Finances), റവന്യൂ വിഭാഗം (Revenue Sector), ഇക്കണോമിക് സെക്ടർ, ജനറൽ & സോഷ്യൽ സെക്ടർ എന്നീ വിഭാഗങ്ങളിലുള്ള 2016-17 വർഷം മുതലുള്ള റിപ്പോർട്ടുകളെ ആസ്പദമാക്കി പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി നിയമസഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മലയാളത്തിലായിരിക്കണമെന്ന് ബഹു.സ്പീക്കർ ഉത്തരവായിട്ടുണ്ടെന്ന് സൂചന കത്ത് പ്രകാരം നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ 31.03.2017 തീയതി അടിസ്ഥാനമാക്കിയിട്ടുള്ള സി & എ.ജിയുടെ മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അവയിലെ ആഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര പത്രികകൾ (RMT Statement) മലയാളത്തിൽ തയ്യാറാക്കി നിയമസഭാ സെക്രട്ടറിയേറ്റിൽ ലഭ്യമാക്കണമെന്നും, നിലവിൽ സമിതിയുടെ പരിഗണനയിലുള്ള സി & എ.ജിയുടെ റിപ്പോർട്ടുകളിന്മേലുള്ള (31.03.2016 തീയതി വരെയുള്ളത്) RMT സ്റ്റേറ്റ്മെന്റുകൾ ഇംഗ്ലീഷിൽ ലഭ്യമാക്കുന്ന നിലവിലുള്ള രീതി തുടരേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഡോ.ബി.അശോക്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ